പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4986 30.06.2014 ൽ മറുപടിക്ക്

# പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ യോഗ്യതകൾ

| ചോദ്യം<br>**ശ്രീമതി കെ.എസ്. സലീഖ** | മറുപടി<br>**ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
|---|---|
| എ) ഇപ്പോൾ പി.എസ്.സി ഏതെല്ലാം തസ്തികകളിലെ നിയമനങ്ങൾക്കാണ് മുൻകാല നിയമന വ്യവസ്ഥകളിലും മിനിമം പഠന യോഗ്യതയിലും മാറ്റം വരുത്തി അപേക്ഷ ക്ഷണിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ; | (എ), (ബി), (സി) & (ഡി)<br>2009-ലെ ഉത്തരവനുസരിച്ച് പോലീസ് കോൺസ്റ്റബിൾ/വനിതാപോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത 12-ാം തരം വിജയിക്കണമെന്നതാണ്. എന്നാൽ ഇപ്പോൾ പി.എസ്.സി പുറത്തിറക്കിയ വനിതാ പോലീസ് കോൺസ്റ്റബിൾ വിജ്ഞാപനത്തിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി-യോ തത്തുല്യമായ പരീക്ഷയോ വിജയിച്ചിരിക്കണമെന്നാണ്. നിലവിലുള്ള നിയമന വ്യവസ്ഥകളിൽ, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തി പി.എസ്.സി പുറപ്പെടുവിച്ച വിജ്ഞാപനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്ത് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ പി.എസ്.സി-യോട് അഭ്യർത്ഥിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഇവയിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള നിയമനത്തിന് പുരുഷ ഉദ്യോഗാർത്ഥികൾക്കുള്ള മിനിമം യോഗ്യത എന്താണ്; വനിതാ ഉദ്യോഗാർത്ഥികൾക്കുള്ള മിനിമം യോഗ്യത എന്താണ്; വ്യക്തമാക്കുമോ; | |
| സി)ഒരേ തൊഴിൽ ചെയ്യുന്ന ഒരേ തസ്തികയിലേക്ക് പുരുഷ ഉദ്യോഗാർത്ഥിക്കും വനിതാ ഉദ്യോഗാർത്ഥിക്കും രണ്ട് തരത്തിലുള്ള യോഗ്യതാ മാനദണ്ഡം നിശ്ചയിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ; | |
| ഡി) പ്രസ്തുത പി.എസ്.സി വിജ്ഞാപനം റദ്ദു ചെയ്ത് യോഗ്യത തുല്യമാക്കി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ